GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Press Release

PR. 73/2025 29.07.2025

**കേര ശില്പശാല ഉദ്ഘാടനം കൃഷി മന്ത്രി പി.പ്രസാദ് നിർവ്വഹിക്കും.**

തിരുവനന്തപുരം: കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, മണ്ണ് പര്യവേക്ഷണ -മണ്ണ് സംരക്ഷണ വകുപ്പ്, കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങളിലെ തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർക്കായി 2025 ജൂലൈ 28, 29, 30, 31 ആഗസ്റ്റ് 1 തീയതികളിലായി തിരുവനന്തപുരം ഡിമോറ ഹോട്ടലിൽ വച്ച് നടന്നു വരുന്ന ശില്പശാലയുടെ ഉദ്ഘാടനം നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി രാജീവിന്റെ അധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു. കേരളത്തിലെ കാർഷിക മേഖലയുടെ സമഗ്ര വളർച്ചയ്ക്കും കാലാവസ്ഥാ വ്യതിയാന പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ 'കേര' (KERA- Kerala Climate Resilient Agri-Value Chain Modernization Project) പദ്ധതിയിൽ വിവിധ വകുപ്പുകളുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക, പദ്ധതിയുടെ വിജയകരമായ നടത്തിപ്പിൽ അവരെ പങ്കുകാരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ശില്പശാല സംഘടിപ്പിച്ചിരിക്കുന്നത്.

കാലാവസ്ഥാ വ്യതിയാനം അതിജീവിക്കാൻ കഴിയുന്ന കൃഷിരീതികൾ പ്രോത്സാ ഹിപ്പിക്കുക. കാർഷികോത്പ്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും മെച്ചപ്പെടുത്തുക. കാർഷിക മേഖലയിലെ സംരംഭകത്വം വളർത്തുക, പ്രത്യേകിച്ച് ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് പ്രത്യേക സഹായങ്ങൾ നൽകുക എന്നിവയാണ് കേര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതിയിലൂടെ കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ കൃഷിരീതികൾ നടപ്പിലാക്കുകയും, കാർഷിക പാരിസ്ഥിതിക യൂണിറ്റുകൾക്ക് അനുസരിച്ചുള്ള

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സാങ്കേതികവിദ്യകൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യും. മൂല്യവർദ്ധനവി നായുള്ള ചെറുകിട സംരംഭങ്ങളുടെ വാണിജ്യവൽക്കരണത്തിനും, കാപ്പി, റബ്ബർ, ഏലം തുടങ്ങിയ വിളകളുടെ പുനരുജ്ജീവനത്തിനും ഈ പദ്ധതി സഹായ കമാകും. ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും അഗ്രിബിസിനസ്സുകൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി 150 സ്റ്റാർട്ടപ്പ കൾക്ക് കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനും മൂല്യവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താനുമുള്ള സഹായം ലഭ്യമാക്കും. ഈ ബൃഹത് പദ്ധതി ഇൻ്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (IRRI) വ്യവസായ വാണിജ്യ വകുപ്പ്, പ്ലാൻ്റേഷൻ ഡയറക്ടറേറ്റ്, റബ്ബർ ബോർഡ്, കോഫീ ബോർഡ്, സ്പൈസസ് ബോർഡ്, കേരള കാർഷിക സർവ്വകലാശാല, കിൻഫ്ര, ജലസേചന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**